III. ശ്രദ്ധക്ഷണിക്കൽ

(1) സ്കൂൾകെട്ടിടമില്ലാത്തതുകാരണം കാസർകോട് നിയോജക മണ്ഡലത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന ബുദ്ധിമുട്ടുകൾ.

ശ്രീ. കെ. ടി. കുമാരൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വടക്കേ അറ്റമായിട്ടുള്ള കാസർകോട് ജില്ലയിലെ ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളെ സംബന്ധിച്ചാണ് ഞാൻ വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. 1980-നു മുൻപ് ആ നിയോജകമണ്ഡലത്തിൽ കേവലം ആറു ഹൈസ്കൂളുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതുപക്ഷജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് 1980-ൽ വന്നതിനുശേഷം 13 യു. പി. സ്കൂൾ അപ്ഗ്രേഡ്ചെയ്ത് ഹൈസ്കൂൾ ആക്കുകയും അതുപോലെ ഏതാനും സ്ഥലങ്ങളിൽ പ്രൈമറി സ്കൂൾ തുടങ്ങുകയുംചെയ്തു. ഈ 13 യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന സന്ദർഭത്തിൽ അവിടെ നിലവിലുണ്ടായിരുന്ന സ്കൂൾകെട്ടിടങ്ങളെല്ലാംതന്നെയും ഷെഡ്ഡുകളായിരുന്നു. ഈ 13 യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന സന്ദർഭത്തിൽ ഭൂമിയും അതുപോലെ ഓരോ സ്കൂൾ കെട്ടിടത്തിനും നാലുമുറികൾ വീതവും ഉണ്ടാക്കികൊടുത്തതിന് അദ്ധ്യാപക രക്ഷാകർതൃ സമിതിക്ക് ഏതാണ്ട് 65 ലക്ഷത്തോളം രൂപ ചെലവായി. ആ മണ്ഡലത്തിൽ ഇത്രയും ഹൈസ്കൂളുകളും യു. പി. സ്കൂളുകളും, എൽ. പി. സ്കൂൾ, യു. പി. സ്കൂളാക്കി മാറ്റുന്നതിനുംവേണ്ടി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നകാര്യത്തിൽ 65 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഒരോ ഹൈസ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. 20 ഉം 25 ഉം ഡിവിഷനുകളാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പത്തുക്ലാസുകൾക്കുപോലും സ്ഥലമില്ലാത്തിടത്തിരുന്നാണ് ഇത്രയും അധികം കുട്ടികൾ പഠിക്കേണ്ടിവരുന്നത്. ഇത്രയും വിദ്യാർത്ഥികളുള്ള ഈ സ്ഥലങ്ങളിൽ പഠനോപകരണങ്ങളോ മറ്റു ഉപകരണങ്ങളോ ഇല്ലാത്തതിന്റെഫലമായി വളരെയധികം വിഷമം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. മടിക്കൈ പഞ്ചായത്തിലെ അമ്പലത്തുകര ഗവൺമെന്റ് ഹൈസ്കൂൾ, കിണാവൂർ കരിന്തളം പഞ്ചായത്തിലെ പായ്യോത്ത് ഹൈസ്കൂൾ, കാഞ്ഞങ്ങാട് പഞ്ചായത്തിലെ പുതുക്കൈ ഹൈസ്കൂൾ, കാഞ്ഞങ്ങാട്പഞ്ചായത്തിലെ ബല്ല ഈസ്റ്റ് ഹൈസ്കൂൾ, ചെറുവത്തൂർ പഞ്ചായത്തിലെ കുട്ടമത് ഹൈസ്കൂൾ ഫിഷറീസ് ഹൈസ്കൂൾ, ഹോസ്ദുർഗ് പഞ്ചായത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ, പനത്തടി പഞ്ചായത്തിലെ കൊട്ടോടി ഹൈസ്കൂൾ, മടിക്കൈ പഞ്ചായത്തിലെ മടിക്കൈ 2 ഗവൺമെന്റ് സ്കൂൾ, പനത്തടി പഞ്ചായത്തിലെ ബ്ലാത്തോട് ഹൈസ്കൂൾ, കോടോംബേളൂർ പഞ്ചായത്തിലെ ബാനം യു. പി. സ്കൂൾ, മടിക്കൈ പഞ്ചായത്തിലെ കക്കാട്ട് യു. പി. സ്കൂൾ, മടിക്കൈ പഞ്ചായത്തിലെ ആലമ്പാടി യു. പി. സ്കൂൾ, കാഞ്ഞങ്ങാട് പഞ്ചായത്തിലെ അരണി എൽ. പി. സ്കൂൾ, കോടോംബേളൂർ പഞ്ചായത്തിലെ നായിക്കയം എൽ. പി. സ്കൂൾ, പനത്തടി പഞ്ചായത്തിലെ പെരുന്തടി എൽ. പി. സ്കൂൾ, നീലേശ്വരം പഞ്ചായത്തിലെ കൊട്ടറ വെൽഫെയർ എൽ. പി. സ്കൂൾ, മടിക്കൈ പഞ്ചായത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടപുറ വാഴക്കോട് എൽ. പി സ്കൂൾ, എന്നീ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതിന്റെ ഫലമായി കുട്ടികളും അദ്ധ്യാപകരും വളരെയധികം വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മടിക്കൈ അമ്പലത്തുംകര ഹൈസ്കൂളും കിണാവൂർ കരിന്തളം പഞ്ചായത്തിലെ പായ്യോത്ത് ഗവൺമെന്റ് ഹൈസ്കൂളും 1982-ലെ അതിവർഷത്തിന്റെയും കൊടുങ്കാറ്റിന്റെയും ഫലമായി കെട്ടിടമാകെ തകർന്നുപോയി. ആ സ്കൂൾ പുനർനിർമ്മാണത്തിനുവേണ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഗവൺമെന്റിന്റെ ഭരണാനുമതിയും കിട്ടിയതിനുശേഷം ടെണ്ടർവയ്ക്കുന്നതിനുവേണ്ടി ടെണ്ടർ വിളിക്കുകയും ചെയ്തു, ടെണ്ടർ വിളിച്ചതിനുശേഷം വർക്ക് ഓർഡർ കൊടുക്കാത്തതിന്റെ ഫലമായി ആ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒന്നുരണ്ടു തവണ ഞാനിവിടെ സംസാരിക്കുകയുണ്ടായി. അന്നൊക്കെ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി പറഞ്ഞത് രണ്ടു ഹൈസ്കൂളുകളും അടിയന്തിരമായി പുനർനിർമ്മാണത്തിനുവേണ്ട നടപടി സ്വീകരിക്കുമെന്നാണ്. ഈ അടുത്തദിവസം ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് സംസാരിച്ച് ഒരു നിവേദനംസമർപ്പിച്ചു. ഈ സ്കൂളിന്റെ കാര്യത്തിൽ അടിയന്തിരമായും നടപടി സ്വീകരിക്കണമെന്നു പറഞ്ഞു. കാഞ്ഞങ്ങാട് അരയി എൽ. പി. സ്കൂളിനെ സംബന്ധിച്ചിടത്തോളം വലിയ ഒരു പുഴകടന്നുവേണം കുട്ടികൾ അങ്ങോട്ടുപോകാൻ. 1946-ൽ നാട്ടുകാരുണ്ടാക്കിയ ഷെഡ്ഡിലാണ് ഇന്നും അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വളരെയധികം കുട്ടികൾ അവിടെയുണ്ട്. അതുപോലെ മടിക്കൈ പഞ്ചായത്തിൽ വാഴക്കോട് സ്കൂൾകെട്ടിടം 1982-ലെ അതിവർഷത്തിന്റെ ഫലമായി ആകെ തകർന്നുപോയി. അവിടെ ഇന്ന് കെട്ടിടമേയില്ല. അവിടെ സ്വകാര്യവ്യക്തി ഒരു വീടുകൊടുത്ത് ആ വീട്ടിലാണ് ഇന്ന് സ്കൂൾ നടത്തികൊണ്ടിരിക്കുന്നത്. ആ സ്വകാര്യവ്യക്തിക്ക് വേറെ വീടില്ലാത്തതുകൊണ്ട് അടിയന്തിരമായും ആ വീട് ഒഴിഞ്ഞുകിട്ടണമെന്ന് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത്തരത്തിലാണ് ഇന്ന് എന്റെ നിയോജകമണ്ഡലത്തിലുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കണം. അടിയന്തിരമായി ആ സ്കൂൾ കെട്ടിടങ്ങളുണ്ടാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ വിദ്യാഭ്യാസവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഏകദേശം 700-ഓളം സ്കൂളുകൾ ഗവൺമെന്റുമേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഈ സ്കൂളുകളൊക്കെ ആരംഭിക്കുമ്പോൾ ഉണ്ടാക്കിയിരിക്കുന്ന വ്യവസ്ഥ സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായിട്ടുള്ള സ്ഥലവും കെട്ടിടവും ബന്ധപ്പെട്ട ആളുകൾ സ്പോൺസറിംഗ് കമ്മിറ്റിയോ, അല്ലെങ്കിൽ അതുമായിട്ട് ബന്ധപ്പെട്ട പി. റ്റി. എ. യോ നിർമ്മിച്ചു നൽകണമെന്നുള്ളതാണ്. ഏറ്റവും ദുർഭാഗ്യകരമായ ഒരു സംഗതി എന്നു പറയുന്നത് ഇതിൽ ബഹുഭൂരിപക്ഷവും ഏകദേശം 75 ശതമാനത്തോളം സ്കൂളുകളും വ്യവസ്ഥകൾ പൂർത്തിയാക്കിയില്ല എന്നുള്ള ദുഃഖകരമായ സത്യം ഒരു ഭാഗത്ത് അവശേഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കുകയുണ്ടായി. കഴിഞ്ഞവർഷം തയ്യാറാക്കിയകണക്കനുസരിച്ച് ഇന്ന് സർക്കാർ സ്കൂളുകൾക്ക് അത്യാവശ്യമുള്ള കെട്ടിടങ്ങൾ തീർക്കണമെങ്കിൽ 126 കോടി രൂപ വേണ്ടിവരും. വളരെ പരിമിതമായ സംഖ്യമാത്രമേ പ്രതിവർഷം ഇതിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവെയ്ക്കാൻ കഴിയുന്നുള്ളു. അങ്ങനെ ഒരു സാഹചര്യത്തിൽ അടുത്തകാലത്ത് ആരംഭിച്ച സ്കൂളുകൾക്കെല്ലാം സ്ഥിരമായിട്ട് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള ഒരു സംഗതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഒരു ഭാഗംകൂടിയാണ് ഹോസ്ദുർഗ് നിയോജകമണ്ഡലത്തിൽ ഉണ്ടായിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചകാര്യം. അടുത്തകാലത്തായി ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രധാനമായി ചൂണ്ടിക്കാണിച്ചത് രണ്ടുസ്കൂളുകളെസംബന്ധിച്ചാണ്. അത് ചായ്യോത്ത് ഗവൺമെന്റ് ഹൈസ്കൂളും മടിക്കൈ ഗവൺമെന്റ് ഹൈസ്കൂളുമാണ്. ചായ്യോത്ത് ഹൈസ്കൂളിൽ ഇപ്പോഴുള്ള കെട്ടിടങ്ങളുടെ സ്ഥിതി സ്ഥിരമായ കെട്ടിടം ഒരെണ്ണംമാത്രമേയുള്ളൂ. സെമി പെർമനന്റ് ഷെഡ് ഉണ്ട്. താൽക്കാലികഷെഡ് രണ്ടെണ്ണമുണ്ട്. ആകെയുള്ള ഡിവിഷൻ 25 ആണ്. അതിൽ 16 ഡിവിഷൻ നടത്തുവാനുള്ള സ്കൂൾ കെട്ടിടങ്ങൾ ഇപ്പോഴുണ്ട്. അതുപോലെതന്നെ മടിക്കൈ സ്കൂളിൽ സ്ഥിരമായ കെട്ടിടം രണ്ടെണ്ണമുണ്ട്. സെമി പെർമനന്റ് ഷെഡ് ഒന്നും ബാക്കി താൽക്കാലികഷെഡുമാണുള്ളത് ആകെയുള്ള ഡിവിഷൻ 22 ആണ്. 13 ഡിവിഷൻ നടത്താനുള്ള സൗകര്യമിവിടെയുണ്ട് എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ഈ രണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളിലും അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു സ്ഥാപനത്തിലുമെല്ലാം തന്നെ ഗവൺമെന്റ് തയ്യാറാക്കി പ്രപ്പോസൽ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വർക്കുകൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണെങ്കിലും കഴിയുന്നതും വേഗത്തിൽ ഈ രണ്ട് സ്കൂളുകളെസംബന്ധിച്ചുള്ള വർക്കുകൾ ഏറ്റെടുത്ത് അവിടെ അത്യാവശ്യമുള്ള സൗകര്യമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ടി. കുമാരൻ: അതുപോലെതന്നെ നീലേശ്വരം വെൽഫെയർ സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം തകർന്നുവീണതിന്റെ ഫലമായിട്ട് നാട്ടുകാർ ഒരു ഷെഡ് ഉണ്ടാക്കി. ആ ഷെഡ്ഡിലാണ് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരമായി അവിടെ വെൽഫെയർ സ്കൂൾ കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അക്കാര്യം പ്രത്യേകമായി പരിശോധിക്കാം.

(2) ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ഉമ്മൻചാണ്ടി: സർ, കേരളത്തിലെ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ട ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly